ബിൽ കളക്ടറന്മാർ.

* 619. [8] ശ്രീ. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേരത്തെയുണ്ടായിരുന്ന പഞ്ചായത്തുകളിൽനിന്നും കുടിശ്ശിക പിരിക്കുവാൻ പഞ്ചായത്തുകളിൽ ബിൽ കളക്ടർ എന്ന ഒരു പുതിയ ഉദ്യോഗസ്ഥനെ നിയമിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) അപ്രകാരമുള്ള ബിൽ കളക്ടർമാരെ എത്ര പഞ്ചായത്തുകളിൽ നിയമിച്ചു;

(സി) പഞ്ചായത്തിന്റെ തിരഞ്ഞെടുപ്പു കഴിഞ്ഞു പുതിയതും പരമാധികാരമുള്ളതുമായ പഞ്ചായത്തു രാജിന്റെ പ്രവർത്തനം തുടങ്ങുമ്പോൾ ഈ തസ്തിക നിറുത്തൽ ചെയ്യുമോ;

(ഡി) ബിൽ കളക്ടറന്മാരിൽ യോഗ്യതയുള്ളവരും സമർത്ഥന്മാരുമായവരെ പിരിച്ചുവിടാതെയിരിക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടാക്കിയിട്ടുണ്ടോ;

(ഈ) ഉണ്ടെങ്കിൽ പദ്ധതിയെന്താണു്?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദര മേനോൻ):

(എ) ഉണ്ടു്. എത്രയും പഞ്ചായത്തുകളിൽ.

(ബി) 412 പഞ്ചായത്തുകളിൽ.

(സി) ഈ തസ്തിക കുടിശ്ശിക പിരിക്കുന്നതിലേക്കുവേണ്ടി താൽക്കാലികമായി ഏർപ്പെടുത്തിയിട്ടുള്ളതാണു്. പരമാവധി ആറു മാസക്കാലത്തേയ്ക്കു മാത്രമേ ഈ തസ്തിക അനുവദിച്ചിട്ടുള്ള. പ്രസ്തുത കാലാവധി കഴിഞ്ഞാൽ സ്വാഭാവികമായി ഈ തസ്തിക നിറുത്തൽ ചെയ്യുന്നതാണു്.

(ഡി) ഇല്ല.

(ഈ) ഉദിക്കുന്നില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: ഈ പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ തിരുവിതാംകൂർ-കൊച്ചി ഭാഗത്തും മലബാർ ഭാഗത്തും വ്യത്യസ്തമായനിലയിലാണോ ഉള്ളതു്. അതു് ഏകീകരിക്കാൻ വല്ല നടപടിയും ഈ ഗവണ്മെന്റു് എടുത്തു വരുന്നുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ഇപ്പോഴും 922 പഞ്ചായത്തുകളും രൂപീകരിച്ചു് അതിന്റെ ഒരു തിരഞ്ഞെടുപ്പു് കഴിഞ്ഞു് പ്രവർത്തനം നടത്തി വരികയാണു്. സ്റ്റാഫ് പാറ്റേണിൽ വല്ല വ്യത്യാസവും വരുത്തണമോ എന്നുള്ള കാര്യത്തെപ്പറ്റി ഗവണ്മെന്റു് പരിശോധിക്കാവുന്നതാണു്. പക്ഷേ ഇപ്പോഴും ആ പരിഗണന ഗവണ്മെന്റിന്റെ മുമ്പിലില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: മലബാർ ഭാഗത്തു് പുതിയ പഞ്ചായത്തുകളും രൂപീകരിച്ചിരിക്കുന്നതു് രണ്ടുമൂന്നു വില്ലേജുകളും കൂട്ടിചേർത്താണു് നേരത്തെ ഉണ്ടായിരുന്ന സ്റ്റാഫ് തന്നെയാണു് ഇപ്പോഴും അവിടെയുള്ളതു്. പഞ്ചായത്തിന്റെ അധികാരപരിധി വർദ്ധിപ്പിച്ചപ്പോഴും സ്റ്റാഫിന്റെ എണ്ണം കൂട്ടുകയാണു് ചെയ്തിട്ടുള്ളതു്. ഈ അനാമലി അവസാനിപ്പിക്കണമെന്നു് കാണിച്ചു് ചില പഞ്ചായത്തുകളും ഗവണ്മെന്റിലേക്കു് നിവേദനം തന്നെ സമർപ്പിച്ചിട്ടുണ്ടു്. ഉദാഹരണമായി തിരൂർ പഞ്ചായത്തിന്റെ കാര്യം. ഇതൊന്നു പരിശോധിക്കുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ഈ സ്റ്റാഫ് പാറ്റേണിൽ വല്ല വ്യത്യാസവും വരുത്തേണ്ടതുണ്ടോ എന്നുള്ള കാര്യത്തെപ്പറ്റി തീർച്ചയായും പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ആർ. വിജയൻ: ബിൽ കളക്ടറെ നിയമിക്കുന്നതിന് പഞ്ചായത്തുകളിൽ ഇത്ര രൂപ നികുതി കുടിശ്ശിക ഉണ്ടായിരിക്കണമെന്ന വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിലാണോ ഈ ബിൽ കളക്ടർമാരെ നിയമിക്കുന്നതെന്നുള്ള കാര്യം ഒന്നു വ്യക്തമാക്കിയാൽ കൊള്ളാം.

ശ്രീ. കെ. എ. ദാമോദരമേനോൻ: അയ്യായിരം മുതൽ പതിനായിരം രൂപവരെ നികുതി കുടിശ്ശികയുള്ള പഞ്ചായത്തുകൾക്ക് നികുതി കുടിശ്ശിക പിരിക്കുന്നതിനുവേണ്ടി മൂന്നു മാസത്തേക്കും പതിനായിരത്തിനു മുകളിൽ കുടിശ്ശികയുള്ള പഞ്ചായത്തുകൾക്ക് ആറു മാസത്തേക്കും ബിൽ കളക്ടർമാരെ നിയമിക്കുക എന്നുള്ളതാണ് അംഗീകരിച്ചിരിക്കുന്ന പരിപാടി.

എണ്ണ ഖനനം

* 620 [9] ശ്രീ. കെ. ആർ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എണ്ണ ഖനനം നടത്തുന്നതിന് ജിയോളജിക്കൽ സർവ്വേ ആരംഭിച്ചിട്ടുണ്ടോ;

(ബി) ടി സർവ്വേ നടത്തുന്നതിന് എന്തെല്ലാം ഏർപ്പാടുകൾ ഇതുവരെ ചെയ്തു?

വ്യവസായ വകുപ്പുമന്ത്രി (കെ. എ. ദാമോദരമേനോൻ):

(എ) കേന്ദ്ര ഗവണ്മെന്റിന്റെ കീഴിലുള്ള ആയിൽ ആൻഡ് നാചുറൽ ഗ്യാസ് കമ്മീഷൻ പ്രാരംഭ ഗവേഷണം നടത്തി തുടങ്ങിയിട്ടുണ്ട്.

(ബി) സംസ്ഥാന ഗവണ്മെന്റിന്റെ ആവശ്യപ്രകാരം ഓയിൽ ആൻഡ് നാചുറൽ ഗ്യാസ് കമ്മീഷൻ എണ്ണ ഖനന സാദ്ധ്യതയെപ്പറ്റിയുള്ള ഗവേഷണങ്ങൾക്കായിട്ട് ഒരു ഫീൽഡ് പാർട്ടിയെ കേരളത്തിലേക്ക് അയച്ചിട്ടുണ്ട്. പ്രസ്തുത ഫീൽഡ് പാർട്ടിക്ക് ആവശ്യമുള്ള ഉപകരണങ്ങൾ കൊടുത്തു സഹായിക്കുന്നതിന് കേരള സർവ്വകലാശാല അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഫീൽഡ് പാർട്ടിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ ചെയ്തു കൊടുക്കുന്നതിന് പ്രാദേശിക ഉദ്യോഗസ്ഥന്മാർക്ക് വേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

ശ്രീ. കെ. ആർ. വിജയൻ: ഇപ്പോഴത്തെ ആരംഭിച്ചിട്ടുള്ള സർവേയുടെ ഫലമായിട്ട് എന്തെങ്കിലും പ്രോത്സാഹജനകമായിട്ടുള്ള റിസൽട്ട് നൽകിയിട്ടുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: അതു ഞാൻ ഇതിനുമുമ്പ് ഇവിടെ പറഞ്ഞിട്ടുള്ളതാണ്. നമ്മുടെ തീരപ്രദേശത്ത് ഓയിൽ ഉണ്ട് എന്നതിനെ സംബന്ധിച്ച് അവർ ഒരു അഭിപ്രായം പറഞ്ഞിട്ടുണ്ട്. അതു കമേഴ്സ്യൽ എക്സ്പ്ലോർട്ടേഷനു വേണ്ടവിധത്തിൽ ഉണ്ടോ എന്നതിനെ സംബന്ധിച്ച ഗവേഷണത്തിനുശേഷം മാത്രമേ പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. മാമ്പുഴ ഗോപിനാഥപിള്ള: ഫീൽഡ് പാർട്ടി എവിടെയൊക്കെ ഗവേഷണം നടത്തിയെന്നു പറയാമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: വക്കല മുതൽ കൊച്ചിയുടെ വടക്കു വരെയുള്ള സമുദ്രത്തിന്റെ തീര പ്രദേശങ്ങളിലൊക്കെ ഓയിൽ ഉണ്ടോ എന്നതിനെപ്പറ്റി പരിശോധന നടത്താനാണ് അവർ താൽക്കാലിക പരിപാടി സ്വീകരിച്ചിട്ടുള്ളത്.

പാർട്ടി ടൈം അദ്ധ്യാപകന്മാർ

* 621 [10] ശ്രീ. എം. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly